**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3691** **09-10-2025 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്. 2012-ൽ സംസ്ഥാനത്തെ 25 കാർഷിക വിളകളെ ഉൾപ്പെടുത്തി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. തെങ്ങ്, വാഴ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗങ്ങൾ, കിഴങ്ങു വർഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പ്രഖ്യാപിച്ചിരുന്നത്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, തുടങ്ങിയ പ്രകൃതിക്ഷോഭം കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, കൂടാതെ വന്യജീവി ആക്രമണം മൂലമുള്ള കൃഷി നാശത്തിനുമാണ് ആനുകൂല്യം ലഭിച്ചിരുന്നത്.**<br><br>**2017 മുതൽ ചെറുധാന്യങ്ങളും (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) മാറ്റും ഉൾപ്പെടെ 27 വിളകൾക്കാണ് പരിരക്ഷ നൽകുന്നത്. ഏലം കൃഷിയിൽ ഇൻഷ്വർ ചെയ്യുന്നതിനുള്ള കുറഞ്ഞ വിസ്തൃതി ഒരു ഹെക്ടർ കൃഷിസ്ഥലം എന്നത് 0.4 ഹെക്ടർ (ഒരു ഏക്കർ) ആയി കുറച്ചു. കൂടാതെ നെൽ കൃഷിക്ക് കീടരോഗബാധ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. നെല്ലിന് 50 ശതമാനത്തിൽ കൂടുതൽ നാശനഷ്ടമുണ്ടാകുന്ന സാഹചര്യത്തിൽ പൂർണ്ണ നഷ്ടമായി കണക്കിലെടുത്ത് മുഴുവൻ ഇൻഷ്വറൻസ് തുകയും ലഭ്യമാക്കുന്നു. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന കർഷകരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചിട്ടുണ്ട്.**<br><br>**2021-2022 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ ചേർന്ന കർഷകരുടെ എണ്ണം 48304 ആയിരുന്നു. എന്നാൽ 2025-2026 സാമ്പത്തിക വർഷത്തിൽ** |

| | | | |
|---|---|---|---|
| | | | **നാളിതു വരെ പദ്ധതിയിൽ ചേർന്നവരുടെ എണ്ണം 70544 ആയി ഉയർന്നിട്ടുണ്ട്. 2021-2022 മുതൽ 2024-2025 വരെ 44427 കർഷകർക്കായി 100.9 കോടി രൂപ ഇൻഷ്വർ ചെയ്ത വിളയുടെ കൃഷിനാശത്തിന് നഷ്ടപരിഹാരത്തുകയായി വിതരണം ചെയ്തിട്ടുണ്ട്.** |
| (ബി) | വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിച്ചതിൽ ഇനി എത്ര തുക വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്; വിശദമാക്കുമോ; | (ബി) | **വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 39,31,07,988/- രൂപ വിതരണം ചെയ്യുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നു.** |
| (സി) | വിളനാശത്തിനായി പ്രഖ്യാപിച്ച നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ? | (സി) | **വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 39,31,07,988/- രൂപ വിതരണം ചെയ്യുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ